 റ്റി.ഇ (2).46887/17

കാർഷിക വികസന കർഷക ക്ഷേമ
വകുപ്പ് ഡയറക്ടറേറ്റ്, തിരുവനന്തപുരം,
തീയതി, 7.11.2017

ഡയറക്ടർ,
കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്

ചീഫ് സോയിൽ കെമിസ്റ്റ്,
സെൻട്രൽ സോയിൽ പ്ലാന്റ് ഹെൽത്ത് സെന്റർ,
പാറോട്ടുകോണം,തിരുവനന്തപുരം

ഡെപ്യൂട്ടി ഡയറക്ടർ,
ഫെർട്ടിലൈസർ ക്വാളിറ്റി കൺട്രോൾ ലാബ്,
തിരുവനന്തപുരം, പട്ടാമ്പി

ഡെപ്യൂട്ടി ഡയറക്ടർ,
പെസ്റ്റിസൈഡ് ടെസ്റ്റിംഗ് ലാബ്,
പാറോട്ടുകോണം
എസ്.ബി.സി.എൽ,മണ്ണുത്തി

കൃഷി അസിസ്റ്റന്റ് ഡയറക്ടർ,
ബി.എം.എഫ്.സി,കഴക്കൂട്ടം

സെക്രട്ടറി,
അഗ്രികൾച്ചറൽ അർബൻ ഹോൾസെയിൽ മാർക്കറ്റ്,
ആനയറ

സെക്രട്ടറി,
അഗ്രികൾച്ചറൽ റൂറൽ മാർക്കറ്റ്,
നെടുമങ്ങാട്.

സെക്രട്ടറി,
അഗ്രികൾച്ചറൽ അർബൻ ഹോൾസെയിൽ മാർക്കറ്റ്,
മൂവാറ്റുപുഴ

സെക്രട്ടറി,
അഗ്രികൾച്ചറൽ അർബൻ ഹോൾസെയിൽ മാർക്കറ്റ്,
മരട്, എറണാകുളം

സെക്രട്ടറി,
അഗ്രികൾച്ചറൽ അർബൻ ഹോൾസെയിൽ മാർക്കറ്റ്,
വേങ്ങേരി

സെക്രട്ടറി,
റൂറൽ അഗ്രികൾച്ചറൽ ഹോൾസെയിൽ മാർക്കറ്റ്,
സുൽത്താൻ ബത്തേരി

സർ,

വിഷയം - ഐ.എം.ജി - മലയാളം കംപ്യൂട്ടിംഗ് പരിശീലനം നൽകുന്നതിൽ നാമനിർദേശം സമർപ്പിക്കുന്നത് - സംബന്ധിച്ച്

സൂചന - നമ്പർ 7415/പി2/2017/ഐ.എം.ജി, തീയതി, 6.11.2017-ലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റിന്റെ കത്ത്.

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെടുന്ന സർക്കാർ ഉദ്യോഗസ്ഥരെ ഡിപ്പാർട്ടുമെന്റ് ടെസ്റ്റിനു പ്രാപ്തരാക്കുന്നതിനു വേണ്ടിയുള്ള പ്രത്യേക പരിശീലനം ഐ.എം.ജി യുടെ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് കേന്ദ്രങ്ങളിൽ വച്ച് 2017 നവംബർ 27 മുതൽ ഡിസംബർ 23 വരെ നടത്തുന്നതാണ്. തിരുവനന്തപുരം,പത്തനംതിട്ട, കൊല്ലം എന്നീ ജില്ലകളിലുള്ളവർ തിരുവനന്തപുരം ഐ.എം.ജി യിലും ആലപ്പുഴ, എറണാകുളം, ഇടുക്കി, കോട്ടയം, തൃശ്ശൂർ എന്നീ ജില്ലകളിലുള്ളവർ കൊച്ചി ഐ.എം.ജി യിലും കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ്, മലപ്പുറം, പാലക്കാട് എന്നീ ജില്ലകളിലുള്ളവർ കോഴിക്കോട് ഐ.എം.ജി യിലുമാണ് പരിശീലനത്തിൽ പങ്കെടുക്കേണ്ടത്. പരിശീലന കേന്ദ്രം മാറ്റി നൽകുന്നതല്ല. നാമനിർദേശം ചെയ്യപ്പെട്ട ഉദ്യോഗസ്ഥരുടെ ഫോൺ നമ്പർ കൂടി അറിയിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. നാമനിർദേശം ലഭിക്കേണ്ട അവസാന തീയതി നവംബർ 17.

ചുവടെ ചേർത്തിരിക്കുന്ന ജില്ലകളിൽ നിന്നും നാമനിർദേശം ചെയ്യപ്പെട്ട ഉദ്യോഗസ്ഥരുടെ ലിസ്റ്റ് അതാത് ഐ.എം.ജി കേന്ദ്രങ്ങളിലേയ്ക്ക് അയച്ചു കൊടുക്കുകയും ആയതിന്റെ പകർപ്പ് ഈ ഓഫീസിലേയ്ക്ക് അയച്ചു തരണമെന്നും അറിയിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് 0471 -2304229 എന്ന നമ്പരിൽ ബന്ധപ്പെടാവുന്ന താണ്. മുൻപ് ഈ പരിശീലനം ലഭിച്ചവരേയും ഏതെങ്കിലും പ്രത്യേക വിഷയം മാത്രം എഴുതുന്നവരേയും വീണ്ടും നാമനിർദേശം ചെയ്യേണ്ടതില്ല. അപേക്ഷയോടൊപ്പം മുൻപ് ഈ പരിശീലന പരിപാടിയിൽ പങ്കെടുത്തിട്ടില്ല എന്നും ഡിപ്പാർട്ട്മെന്റ് പരീക്ഷ ഭാഗികമായി വിജയിച്ചിട്ടില്ല എന്നും പരിശീലന കാലാവധി മുഴുവനും പരിശീലനത്തിൽ പങ്കെടുത്തുകൊള്ളാമെന്നും ഒരു സാക്ഷ്യപത്രം ഉള്ളടക്കം ചെയ്യേണ്ടതാണ്.

| ക്രമ നം. | ജില്ലകൾ | മേൽവിലാസം |
|---|---|---|
| 1 | തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട | ഡയറക്ടർ ജനറൽ, ഐ.എം.ജി, വികാസ്ഭവൻ.പി.ഒ,തിരുവനന്തപുരം-695033 |
| 2 | ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി, തൃശ്ശൂർ | റീജണൽ ഡയറക്ടർ, ഐ.എം.ജി, കാക്കനാട് (പി.ഒ), കൊച്ചി - 30 |
| 3. | കോഴിക്കോട്, മലപ്പുറം, പാലക്കാട്, കാസർഗോഡ്, കണ്ണൂർ, വയനാട് | റീജണൽ ഡയറക്ടർ, ഐ.എം.ജി. റീജിയണൽ സെന്റർ, കോഴിക്കോട് |

ക്ലാസ്സ് (2), ക്ലാസ്സ് (3) വിഭാഗത്തിലുള്ളവരെ മാത്രമേ ടി പരിശീലനത്തിൽ ഉൾപ്പെടുത്തുക യുള്ളൂ എന്നുള്ള വിവരവും കൂടി ഐ.എം.ജി. അറിയിച്ചിട്ടുണ്ട്.

ഇ-മെയിൽ jdatrng@gmail.com

പരിശീലനം സംബന്ധിച്ച് താങ്കളുടെ കീഴിലുള്ള എല്ലാ ഓഫീസുകളിലും അറിയിപ്പ് നൽകി അപേക്ഷകൾ അയക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

(ഒപ്പ്)

ജോയിന്റ് ഡയറക്ടർ (എആർ&റ്റി)

**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർക്കുവേണ്ടി.**

പകർപ്പ് സെക്രട്ടറി,

ഐ.എം.ജി,വികാസ്ഭവൻ,

തിരുവനന്തപുരം

Copy t - IT cell to Publish in website

ഇ.ആർ/10/11/17

MINI T
Assistant Director of Agriculture (ATMA)
Directorate of AD & FWD
Vikas Bhavan Tvpm - 33